പത്രക്കുറിപ്പ്
26-9-2017

## കുടുംബശ്രീ ഓഡിറ്റിങ്ങിന് പുതിയ മാർഗരേഖ: സംസ്ഥാനതല സംഗമം സംഘടിപ്പിച്ചു

തിരുവനന്തപുരം: . കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ സാമ്പത്തിക ഇടപാടുകൾ സംബന്ധിച്ച ഓഡിറ്റിങ്ങ് കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന്റെ ഭാഗമായി ഓഡിറ്റിങ്ങിന് പുതിയ മാർഗരേഖ തയ്യാറാക്കി.

കുടുംബശ്രീ സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ കുടുംബശ്രീയുടെ സ്ഥിരം ഓഡിറ്റ് സംവിധാനമായ കാസ് (കുടുംബശ്രീ അക്കൗണ്ടിങ്ങ് ആൻഡ് ഓഡിറ്റിങ്ങ് സർവീസ് സൊസൈറ്റി) ടീം അംഗങ്ങളുടെ സംസ്ഥാനതല സംഗമത്തിൽ കുടുംബശ്രീ ഡയറക്ടർ എസ്.നിഷ ഓഡിറ്റിങ്ങ് മാർഗരേഖ കുടുംബശ്രീ പ്രോഗ്രാം ഓഫീസർ പ്രമോദ് കെ.വിക്കു നൽകി പ്രകാശനം നിർവഹിച്ചു.

നിലവിൽ 2.7 ലക്ഷം അയൽക്കൂട്ടങ്ങൾ 19854 എ.ഡി.എസുകൾ 1073 സി.ഡി.എസുകൾ എന്നിവ ഉൾപ്പെടുന്ന കുടുംബശ്രീയുടെ അംഗീകൃത ഓഡിറ്റിങ്ങ് സംവിധാനമാണ് കാസ്. സംസ്ഥാനത്ത് 43 ഗ്രൂപ്പുകളിലായി 324 അംഗങ്ങളാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്നത്. കുടുംബശ്രീയുടെ തന്നെ സംരംഭ ഗ്രൂപ്പുകളായിട്ടാണ് ഇവയുടെ പ്രവർത്തനം. കാസ് ഓഡിറ്റ് കൂടുതൽ കാര്യക്ഷമാക്കുന്നതിനും നിലവിലെ ഓഡിറ്റ് സമ്പ്രദായം ഏകീകരിക്കുന്നതിനുമായാണ് നിരവധി മാർഗനിർദേശങ്ങളും ഓഡിറ്റ് മാതൃകകളും ഉൾക്കൊള്ളിച്ച മാർഗരേഖ തയ്യാറാക്കിയത്. ഇതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അംഗീകാരം നൽകിയിരുന്നു. ഇതു നിലവിൽ വരുന്നതോടെ സംസ്ഥാനത്തെ മുഴുവൻ അയൽക്കൂട്ടങ്ങൾ എ.ഡി.എസ് സി.ഡി.എസ് എന്നിവിടങ്ങളിൽ നടത്തുന്ന കാസ് ഓഡിറ്റിങ്ങിന് ഏകീകൃത സ്വഭാവം കൈവരുത്താൻ കഴിയുമെന്നതാണ് നേട്ടം. ഓഡിറ്റിങ്ങിന് കൂടുതൽ കൃത്യതയും ആധികാരികതയും കൈവരിക്കുന്നതിനുള്ള നിർദേശങ്ങളും ഒപ്പം കുടുംബശ്രീ ബൈലോ പ്രകാരം ഓഡിറ്റ് പൂർത്തിയാക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള സമയപരിധിയും മാർഗരേഖയിൽ വ്യക്തമാക്കുന്നുണ്ട്.

കോടിക്കണക്കിനു രൂപയുടെ കേന്ദ്ര-സംസ്ഥാന പദ്ധതികൾ കൂടാതെ ബാങ്ക് വായ്പകൾ സംരംഭ പ്രവർത്തനങ്ങൾ സർക്കാർ സഹായങ്ങൾ തനതു ഫണ്ടുകൾ സംരംഭകർക്ക് നൽകുന്ന വിവിധ ആനുകൂല്യങ്ങൾ എന്നിങ്ങനെ കോടിക്കണക്കിനു രൂപയുടെ സാമ്പത്തിക ഇടപാടുകളാണ് കുടുംബശ്രീ ത്രിതല സംവിധാനം വഴി നടത്തുന്നത്. ഈ സാമ്പത്തിക ഇടപാടുകളെല്ലാം ഏറ്റവും കൃത്യതയോടെ പരിശോധിച്ച് ആധികാരികമായ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് മാർഗരേഖ സഹായകമാകും.

കാസ് ഓഡിറ്റിങ്ങ് ടീമുകൾക്ക് കൂടുതൽ പ്രഫഷണലിസം കൈവരുത്തുന്നതിന്റെ ഭാഗമായി കുടുംബശ്രീ മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ സാമൂഹ്യവികസന മേഖലയിലും സൂക്ഷ്മസംരംഭ മേഖലയിലും നടത്തി വരുന്ന വിവിധ പദ്ധതികൾ എന്നിവ സംബന്ധിച്ച് പരിശീലനം നൽകും. കൂടാതെ ഓഡിറ്റിങ്ങ് ഏകീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ പുതുതായി ഒരു സോഫ്റ്റ്‌വെയറിനും രൂപം നൽകും. കാസ് ടീം അംഗങ്ങൾക്ക് കൂടുതൽ വരുമാനം ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി അയൽക്കൂട്ടങ്ങളിൽ കണക്കെഴുത്തു പരിശീലന പരിപാടിയിൽ ഇവരെയും പരിശീലകരായി ഉൾപ്പെടുത്തും.

സംരംഭകർ എന്ന നിലയിൽ ഇവർക്കാവശ്യമായ എല്ലാ സാമ്പത്തിക പിന്തുണയും ഉറപ്പു വരുത്തും. അതോടൊപ്പം എല്ലാ ടീം അംഗങ്ങൾക്കും തിരിച്ചറിയൽ കാർഡും നൽകും.
സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ജിജി. ആർ.എസ് സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ വിദ്യാ നായർ വി.എസ് എന്നിവർ പരിശീലന പരിപാടിക്കു നേതൃത്വം നൽകി.

(ഫോട്ടോ-അടിക്കുറിപ്പ്: കാസ് ഓഡിറ്റിങ്ങ് സംബന്ധിച്ച മാർഗ രേഖ കുടുംബശ്രീ ഡയറക്ടർ എസ്.നിഷ കുടുംബശ്രീ പ്രോഗ്രാം ഓഫീസർ പ്രമോദ് കെ.വിക്കു നൽകി നിർവഹിക്കുന്നു)

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ